بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 18.09.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 18.09.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**ഇക്കാലത്ത് നബി(സ) തിരുമേനിയുടെ അധ്യാപനത്തിന്റേയും മനോഹരമായ ജീവിതത്തിന്റേയും യഥാർത്ഥമായ മാതൃകയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ). ഇതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതമാതൃകയും നമുക്ക് വഴികാട്ടിയാണ്. നമ്മുടെ പൂർവികരായ മഹാത്മാക്കളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ചുള്ള നിവേദനങ്ങൾ നമുക്കെത്തിച്ചുതന്നു. നമ്മൾ എത്രമാത്രം ഭാഗ്യവാന്മാരാണ്. കാരണം ഇക്കാര്യങ്ങളാണ് വരുംതലമുറയ്ക്ക് ഉപദേശവും യഥാർത്ഥമായ അധ്യാപനവും ചില പ്രശ്നങ്ങൾക്കുള്ള പരിഹാരവുമായിത്തീരുന്നത്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനും ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

ഇക്കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നബി(സ) തിരുമേനിയുടെ ദാസത്വത്തിൽ ദീനിന്റെ പരിഷ്കരണത്തിനായി അയച്ചു. ആ മഹാത്മാവ് നമുക്ക് ദീനിന്റെ അടിസ്ഥാനവും അതിന്റെ അടിത്തറയും അതിന്റെ യഥാർത്ഥമായ അധ്യാപനവും മനോഹരമാക്കി കാണിച്ചുതന്നു. അനാചാരങ്ങളും തെറ്റായ പാരമ്പര്യങ്ങളും അകറ്റാൻ ഉപദേശിച്ചു. അതിനാൽ ഇക്കാലത്ത് അവിടന്ന് നബി(സ) തിരുമേനിയുടെ അധ്യാപനത്തിന്റേയും ജീവിതത്തിന്റേയും യഥാർത്ഥമായ മാതൃകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതമാതൃകയും നമുക്ക് വഴികാട്ടിയാണ്. നമ്മുടെ പൂർവികരായ മഹാത്മാക്കളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ചുള്ള നിവേദനങ്ങൾ നമുക്കെത്തിച്ചുതന്നു. നമ്മൾ എത്രമാത്രം ഭാഗ്യവാന്മാരാണ്. പഴയകാല അഹ്മദികളിൽ തങ്ങളുടെ പൂർവികരിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കുറിച്ചുള്ള ചില സംഭവങ്ങളും നിവേദനങ്ങളും നേരിട്ട് കേട്ട ഒരുപാടാളുകൾ ഉണ്ടാകും. അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണുകയും ആ മഹാത്മാവിന്റെ സഹവാസത്തിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിച്ചവരുമാണ്. ഈ നിവേദനപരമ്പരകളുടെ പ്രാധാന്യം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരിടത്ത് വിവരിച്ചിരിക്കുന്നു. തന്റേതായ കണക്കനുസരിച്ച് ഇക്കാര്യങ്ങൾകൊണ്ട് –അത് ബാഹ്യമായി നോക്കുമ്പോൾ വളരെ ചെറുതാണ്– ഒരുപാട് ഉപദേശിക്കുകയും ഇസ്ലാമിന്റെ അടിസ്ഥാനപരമായ അധ്യാപനത്തിന്റെ കാര്യങ്ങൾ സ്വീകരിക്കുകയും ചെയ്തു. അതിപ്പോൾ ഞാൻ സമർപ്പിക്കുന്നതാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കാലഘട്ടത്തിൽ ധാരാളം സ്വഹാബാക്കൾ ജീവിച്ചിരിപ്പുണ്ടായിരുന്നു. അതുകൊണ്ട് അദ്ദേഹം ഈ ദിനങ്ങളിൽ സ്വഹാബാക്കളുടെ ശ്രദ്ധ ക്ഷണിക്കുകയും ഉപദേശിക്കുകയും ചെയ്തു. അല്ലെങ്കിൽ ഈ നിവേദനങ്ങൾ സമാഹരിക്കാൻ അവരുടെ ബന്ധുക്കളുടെ ശ്രദ്ധ ക്ഷണിച്ചു. കാരണം ഇക്കാര്യങ്ങളാണ് വരുംതലമുറയ്ക്ക് ഉപദേശവും യഥാർത്ഥമായ അധ്യാപനവും ചില പ്രശ്നങ്ങൾക്കുള്ള പരിഹാരവുമായിത്തീരുന്നത്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു: 'ഈ വർഷം ജമാഅത്തിനോട് പ്രത്യേകമായി ഞാൻ ഒരു കാര്യം പറഞ്ഞിരുന്നു. അതെന്താണ്? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതാവസ്ഥകളും അവിടന്ന് പറഞ്ഞ വാക്യങ്ങളും സ്വഹാബാക്കളിൽനിന്ന് സമാഹരിക്കുക.' പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ അതിനിസാരമായ കാര്യംപോലും ആർക്കെങ്കിലും ഓർമയുണ്ടെങ്കിൽ, അത് മറ്റുള്ളവരോട് പറയാതെ മറച്ചുവെക്കുക എന്നത് സാമൂഹികമായ വഞ്ചനയാണ്. ചില കാര്യങ്ങൾ നിസാരമായിരിക്കുമെന്നതിൽ സംശയമില്ല. എന്നാൽ, പല നിസാരകാര്യങ്ങളും ഫലങ്ങളുടെ അടിസ്ഥാനത്തിൽ വളരെ പ്രധാനപ്പെട്ടതായിരിക്കും. നോക്കുക ഹദീഥുകളിൽ വന്നിട്ടുള്ള ഇക്കാര്യം എത്രമാത്രം ചെറുതാണ്. നബി(സ) തിരുമേനിക്കുവേണ്ടി ഒരിക്കൽ കുമ്പളങ്ങ കറിവച്ചു. അവിടന്ന് വളരെ താൽപര്യത്തോടെ കറിയിൽനിന്ന് കുമ്പളങ്ങ കഷണം പെറുക്കി പെറുക്കിത്തിന്നു. അവസാനം ചാറുമാത്രം ബാക്കിയായി. കുമ്പളങ്ങ കഷണമൊന്നുമുണ്ടായില്ല. അവിടന്ന് പറഞ്ഞു. 'കുമ്പളങ്ങ വളരെ മികച്ച സാധനമാണ്.' ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: 'ബാഹ്യമായി നോക്കുമ്പോൾ ഇത് ചെറിയൊരു കാര്യമാണ്. ഇതുകേട്ട്, കുമ്പളങ്ങയെക്കുറിച്ച് പറയേണ്ട കാര്യമെന്താണെന്ന് അഹ്മദിയും ചോദിച്ചേക്കാം. ഇക്കാലത്ത് ചില വിദ്യാഭ്യാസമുള്ളവരും വലിയവരാകാറുണ്ട്. അവർക്ക് ഇക്കാര്യങ്ങളിലേക്കൊന്നും ശ്രദ്ധ ഉണ്ടാകുകയില്ല. അല്ലെങ്കിൽ നിസാരകാര്യമാണെന്ന് അവർ മനസ്സിലാക്കുന്നു. എന്നാൽ, ഈ ചെറിയ കാര്യംകൊണ്ട് ഇസ്ലാമിന് എത്ര നേട്ടമുണ്ടായി. ഇന്ന് നമ്മുടെ കാലത്ത് മുസ്ലിംകളിൽ നടന്നുവരുന്ന ദോഷങ്ങൾ നമുക്ക് ഊഹിക്കാനെ സാധിക്കുകയില്ല. എന്നാൽ, മുസ്ലിംകളുടെമേൽ ഇന്ത്യയിൽ ഹിന്ദുസംസ്കാരം സ്വാധീനം ചെലുത്തിയ ഒരു കാലം വന്നിരുന്നു. ആ സ്വാധീനം കാരണത്താൽ, നല്ലയാളുകൾ മോശമായ സാധനങ്ങൾ തിന്നുന്നവരാണെന്നും നല്ല സാധനങ്ങൾ തിന്നാത്തവരാണെന്നും നല്ലതരത്തിലുള്ള ഭക്ഷണം കഴിക്കാതിരിക്കുന്നതാണ് പുണ്യത്തിന്റെ നിലവാരമെന്നുമുള്ള ചിന്താഗതിയിൽ അവർ മുങ്ങിയിരുന്നു. കാരണം ഇതാണ് ഫഖീർഉപ്പാപ്പമാരുടേയും യോഗിവര്യന്മാരുടേയും ജീവിതശൈലി. അവർ എന്തെങ്കിലും നല്ല സാധനങ്ങൾ തിന്നാൽ ഉടനെ ജനം ചോദിക്കും; ഇയാളെങ്ങനെ പുണ്യവാളനാകാനാണ്? അതായത് ഭാവനതന്നെ അങ്ങനെയായി പോയി; പുണ്യവാളന്മാർ നല്ല ഭക്ഷണം കഴിക്കുകയോ? ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഒരു സംഭവം വിവരിക്കുന്നു. ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ മസ്ജിദ് അഖ്സായിൽ ദർസ് കൊടുത്തതിനുശേഷം തിരിച്ചു തന്റെ വീട്ടിലേക്കു പോകുകയായിരുന്നു. ഹിന്ദുവായ ഒരു റിട്ടയേർഡ് ഡപ്യൂട്ടി സാഹിബ് അദ്ദേഹത്തെ കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പലാഒ (മാംസവും അരിയും ചേർത്തുണ്ടാക്കുന്ന ഭക്ഷണം) കഴിക്കാറുണ്ടെന്നും ബദാം എണ്ണ ഉപയോഗിക്കാറുണ്ടെന്നും അയാൾ

ആരിൽനിന്നോ കേട്ടിരുന്നു. അതായത് സ്ഥിരമായിട്ടല്ല. കിട്ടുമ്പോൾ തിന്നാറുണ്ട്. ബദാം എണ്ണയും ഉപയോഗിക്കുന്നു. ആ ഹിന്ദു ആ സമയത്ത് തന്റെ വീടിനു വെളിയിലിരിക്കുകയായിരുന്നു. ഹദ്റത്ത് ഖലീഫ അവ്വലിനെ കണ്ടിട്ട് പറഞ്ഞു: 'മൗലവി സാഹിബേ! ഒരു കാര്യം ചോദിക്കണമായിരുന്നു.' ഹദ്റത്ത് ഖലീഫ അവ്വൽ പറഞ്ഞു: എന്താണ്? ചോദിക്കുക. ആ ഹിന്ദു ചോദിച്ചു. 'ബദാം എണ്ണയും പലാവും തിന്നുന്നത് അനുവദനീയമാണോ?' ഹദ്റത്ത് ഖലീഫ അവ്വൽ പറഞ്ഞു: 'ഞങ്ങളുടെ മതത്തിൽ ഇത് തിന്നുന്നത് അനുവദനീയമാണ്. നമുക്ക് ഒരു വിലക്കുമില്ല.' അയാൾ ചോദിച്ചു: 'ഞാനുദ്ദേശിച്ചത് ഫഖീർ ഉപ്പാപ്പമാർക്ക് തിന്നാൻ പാടുണ്ടോ എന്നാണ്?' അവിടന്ന് പറഞ്ഞു: 'നമ്മുടെ മതത്തിൽ ഫഖീർ ഉപ്പാപ്പമാർക്കും, പുണ്യാത്മാക്കൾക്കും അനുവദനീയമാണ്.' അയാൾ ശരിയെന്നു പറഞ്ഞ് നിശബ്ദനായി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നോക്കൂ! അയാൾക്ക് അത് വലിയൊരു ആക്ഷേപമായി തോന്നി. പലാഉ തിന്നുകയും ബദാം എണ്ണ ഉപയോഗിക്കുകയും ചെയ്യുന്ന ഹദ്റ ത്ത് മിർസാ സാഹിബ് എങ്ങനെയാണ് മസീഹും മഹ്ദിയും ആകുക?

ഇക്കാലത്തെ അഹ്മദികളെപോലെ സ്വഹാബാക്കളും തമാശയായി കാണുകയും അവർ കുമ്പളങ്ങയെക്കുറിച്ച് ഹദീഥുകളിൽ രേഖപ്പെടുത്താതിരിക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര പ്രധാനപ്പെട്ട കാര്യമായിരിക്കും നമ്മുടെ കൈയിൽനിന്ന് നഷ്ടപ്പെട്ടുപോയിട്ടുണ്ടാവുക. ഹദീഥുകളിൽ വന്നിരിക്കുന്നു. നബി(സ) തിരുമേനി ഒരിക്കൽ ജുമുഅ ദിവസം നല്ല ജുബ്ബ ധരിച്ച് പള്ളിയിൽവന്നു. നല്ല വസ്ത്രം ധരിക്കാതിരിക്കലാണ് ഫഖീർ ഉപ്പാപ്പമാരുടെ ലക്ഷണമെന്ന് പറയുന്ന ഒരാൾ ഇപ്പോൾ ജനിച്ചിട്ടുണ്ടെന്ന് സങ്കല്പിക്കുക. അത് മഹാത്മാക്കളുടേയും പുണ്യാത്മാക്കളുടേയും അടയാളമായി അയാൾ കരുതുന്നു! അപ്പോൾ ഈ ഹദീഥ് ഉദ്ധരിച്ചുകൊണ്ട് അയാൾക്ക് ഇങ്ങനെ നമുക്ക് മറുപടി നല്കാവുന്നതാണ്. നബി(സ) തിരുമേനി ജുമുഅ ദിവസം അങ്ങേയറ്റം ഉത്തരവാദത്തോടുകൂടി ശുദ്ധിയാകുകയും ഉന്നതവും മനോഹരവുമായ വസ്ത്രം ധരിക്കുകയും ചെയ്യുമായിരുന്നു. അവിടന്ന് വൃത്തി എത്ര മാത്രം പാലിച്ചിരുന്നുവെന്നാൽ, കഴിഞ്ഞുകടന്ന ശാഹ്‌വലിയുല്ലാഹ് മുഹമ്മദ് ദഹ്‌ലവിയെപോലുള്ള ചില സ്വൂഫീവര്യന്മാർ എല്ലാ ദിവസവും പുതിയ ജോടി വസ്ത്രം ധരിക്കുന്ന രീതി സ്വീകരിക്കാറുണ്ടായിരുന്നു. ഒന്നില്ലെങ്കിൽ അത് കഴുകിവൃത്തിയാക്കിയതായിരിക്കും. അല്ലെങ്കിൽ തികച്ചും പുതിയതായിരിക്കും. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ സ്വഭാവത്തിൽ വളരെ ലാളിത്യം കാണാമായിരുന്നു. മിക്ക കാര്യങ്ങളെക്കുറിച്ചും അദ്ദേഹത്തിന് ചിന്തയുണ്ടാകുമായിരുന്നില്ല. ധാരാളം ജോലിയും ഉണ്ടാകുമായിരുന്നു. അതുകൊണ്ട് ചിലപ്പോൾ ജുമുഅ ദിവസം അദ്ദേഹം വസ്ത്രം മാറ്റുന്നതും കുളിക്കുന്നതുതന്നെയും മറന്നുപോകാറുണ്ടായിരുന്നു. ഇട്ട വസ്ത്രത്തോടുകൂടിത്തന്നെ ജുമുഅ നമസ്കരിക്കാൻ പോകുമായിരുന്നു. ഇത് ലാളിത്യമായിരുന്നു. അല്ലാതെ ഫഖീറുമാരുടെ വസ്ത്രം ഇങ്ങനെയായിരിക്കേണ്ടതാണ്, അല്ലെങ്കിൽ മഹാത്മാവാണെന്ന് പറയിക്കാൻ വസ്ത്രം മാറ്റാൻ പാടില്ല എന്നൊന്നും പ്രകടിപ്പിക്കാനായിരുന്നില്ല. മറിച്ച് ജോലിത്തിരക്കു കാരണത്താൽ അദ്ദേഹത്തിന് അതിന്റെയൊന്നും ചിന്തയുണ്ടായിരുന്നില്ല. എന്നാൽ, ഇപ്പോൾ നമ്മുടെ കാലത്ത് 'സ്വൂഫിയത്ത്' എന്നതിന്റെ അർത്ഥം മനുഷ്യൻ വൃത്തിഹീനനായി ഇരിക്കുന്ന അവസ്ഥ എന്നാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഇക്കാര്യത്തെ പ്രാസമൊപ്പിച്ച് പറഞ്ഞാൽ: 'ജിത്ന ഗൻദ ഉത്‌നാഹി ഖുദാ ക ബൻദ' എന്നായിരിക്കും. അതായത് എത്ര വൃത്തിഹീനമായിരിക്കുന്നുവോ അത്രയും ദൈവത്തിന്റെ ബന്ധു. വാസ്തവത്തിൽ മനുഷ്യൻ എത്രമാത്രം വൃത്തിഹീനനാകുന്നുവോ അത്രയും അല്ലാഹുവിൽനിന്ന് അകലുകയാണ് ചെയ്യുന്നത്. അതുകൊണ്ട് നമ്മുടെ ശരീഅത്ത് വിവിധ അവസരങ്ങളിൽ കുളി നിർബന്ധമാക്കിയിരിക്കുന്നു. സുഗന്ധം പൂശാൻ നിർദ്ദേശിച്ചിരിക്കുന്നു. ദുർഗന്ധവസ്തുക്കൾ തിന്നിട്ട് മജ്‌ലിസുകളിൽ വരുന്നത് വിലക്കിയിരിക്കുന്നു. മസ്ജിദിൽ വരുന്നത് തടഞ്ഞിരിക്കുന്നു. ചുരുക്കം പറഞ്ഞാൽ നബി(സ) തിരുമേനിയുടെ ജീവിതാവസ്ഥകളിൽനിന്ന് ലോകം ഫലമെടുത്തുവന്നു. ഫലമെടുത്തുകൊണ്ടുവരികയും ചെയ്യുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതാവസ്ഥകളിൽ നിന്നും ലോകം ഫലമെടുക്കുന്നതാണ്. അതെല്ലാം സമാഹരിക്കുക എന്നത് നമ്മുടെ നിർബന്ധകടമയാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഒരു യുവാവ് എന്നോടു പറഞ്ഞു, ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയാകുന്നു. എന്നാൽ, എനിക്കിതല്ലാതെ മറ്റൊരു കാര്യവും ഓർമ്മയില്ല. ഞാൻ ചെറിയകുട്ടിയായിരുന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈപിടിക്കുകയും ഹസ്തദാനം ചെയ്യുകയും ചെയ്തു. കുറച്ചുസമയംവരെ ഞാൻ അദ്ദേഹത്തിന്റെ കൈ എന്റെ കൈയ്ക്കുള്ളിലാക്കി ഒരുപോലെ നിന്നു. കുറച്ചുകഴിഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ) കൈവിടുവിച്ചുകൊണ്ട് മറ്റേതോ ജോലിയിൽ മുഴുകി.' ഇത് ബാഹ്യമായി നോക്കുമ്പോൾ ചെറിയൊരു കാര്യമാണ്. എന്നാൽ, പിന്നീട് ഈ ചെറിയ ചെറിയ സംഭവങ്ങളിൽനിന്ന് വലിയ വലിയ സുപ്രധാന ഫലങ്ങൾ എടുക്കപ്പെടുന്നതായിരിക്കും. ഉദാഹരണത്തിന് ഇപ്പറഞ്ഞ സംഭവംതന്നെ എടുക്കുക. ഇതിൽനിന്ന് ചെറിയ കുട്ടികളേയും മഹാത്മാക്കളുടെ മജ്‌ലിസുകളിൽ കൊണ്ടുവരേണ്ടതാണെന്ന കാര്യം സ്ഥാപിതമാകുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ആളുകൾ തങ്ങളുടെ മക്കളേയും അവിടത്തെ മജ്‌ലിസിൽ കൊണ്ടുവരാറുണ്ടായിരുന്നു. ഇനിവരുന്ന ഏതെങ്കിലും കാലത്ത് മഹാത്മാക്കളുടെ മജ്‌ലിസിൽ കുട്ടികളെ കൊണ്ടുവന്നിട്ട് എന്തുഫലമാണെന്നും മുതിർന്നവർ മാത്രമല്ലേ പങ്കെടുക്കേണ്ടത് എന്ന് ചോദിക്കുന്നവരും ഉണ്ടായിക്കൂടായ്കയില്ല. കാരണം തത്ത്വശാസ്ത്രം വരുന്നിടത്ത് അത്തരം ഒരുപാട് കാര്യങ്ങൾ ഉണ്ടാകാറുണ്ട്. കുട്ടികൾ വന്നിട്ടെന്തു ചെയ്യാനാണെന്ന് ചോദിക്കാൻ തുടങ്ങും. അത്തരം ചിന്താഗതികളുണ്ടാകുമ്പോൾ ഇത്തരം നിവേദനം അവരുടെ ചിന്താഗതിയെ പാഴാക്കിക്കളയുന്നതാണ്. പിന്നീട് അതിന് അനുഗുണമായി മറ്റു പല കാര്യങ്ങളും ഉണ്ടാകുന്നതാണ്. അതായത് ഹദീഥുകളിൽ നബി(സ) തിരുമേനിയുടെ മജ്‌ലിസുകളിലും സ്വഹാബാക്കൾ തങ്ങളുടെ മക്കളെ കൊണ്ടുവരാറുണ്ടായിരുന്നുവെന്ന് എഴുതിയിരിക്കുന്നു. ഇപ്രകാരംതന്നെ ഈ നിവേദനത്തിൽ നിന്ന് എന്തെങ്കിലും ജോലിയുണ്ടെങ്കിൽ തന്റെ കൈവിടുവിച്ച് ജോലിയിൽ മുഴുകേണ്ടതാണെന്നും പ്രകടമാകുന്നുണ്ട്. ഇന്ന് നമ്മൾ ഇക്കാര്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നില്ല. എന്നാൽ, അഹ്മദി ഫിഖഹും അഹ്മദി തസ്വവ്വുഫ്ഫും അഹ്മദി തത്ത്വശാസ്ത്രവുമാകുമ്പോൾ ഈ നിസാരമെന്ന് കാണുന്ന കാര്യങ്ങൾ സുപ്രധാന തെളിവുകളായിത്തീരുന്നതാണ്. ഇന്നും അവയുടെ ആവശ്യം അനുഭവപ്പെടുന്നുണ്ട്. വലിയ വലിയ തത്ത്വശാസ്ത്രജ്ഞൻ ഈ സംഭവങ്ങൾ വായിക്കുമ്പോൾ ചാടിവീഴുന്നതാണ്. അതായത് അത്ഭുതംകൊണ്ടും, സന്തോഷംകൊണ്ടും തുള്ളിച്ചാടുന്നതാണ്. ഈ നിവേദനം ചെയ്ത ആൾക്ക് അല്ലാഹു നല്ല പ്രതിഫലം നല്കുമാറാകട്ടെ എന്ന് പറയുന്നതാണ്. അദ്ദേഹം നമ്മുടെ ഈ കുഴഞ്ഞുമറിഞ്ഞ പ്രശ്നം പരിഹരിച്ചുതന്നു. അത്തരം പ്രശ്നങ്ങൾ മുമ്പിൽ വരുമ്പോൾ, അത്തരം സംഭവങ്ങൾ മുന്നിൽ വരുമ്പോൾ, അതുമുഖേന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമ്പോൾ തത്ത്വശാസ്ത്രജ്ഞൻ അവിടേയും ഇവിടേയും നോക്കുന്നതിനു പകരം ദീനുമായി ബന്ധപ്പെട്ടവനുവേണ്ടി ദുആ ചെയ്യുന്നതാണ്.

നിവേദനം ചെയ്യുന്നയാൾക്കുവേണ്ടി ദുആ ചെയ്യുന്നതാണ്.' വീണ്ടും അവിടന്ന് പറയുന്നു: 'ഇത് നമ്മൾ ഹദീഥുകളിൽ വായിക്കുന്നതുപോലുള്ള സംഭവങ്ങളാണ്. നബി(സ) തിരുമേനി ഒരിക്കൽ സുജൂദിൽ പോയി. അന്ന് ചെറുപ്പമായിരുന്ന ഹദ്റത്ത് ഹസൻ(റ) അവിടത്തെ കഴുത്തിൽ കാലുതൂക്കിയിരുന്നു. നബി(സ) തിരുമേനി ഹസൻ എഴുന്നേറ്റുപോകുന്ന സമയംവരെ തലയുയർത്തിയില്ല.' ഇപ്പോൾ ആരെങ്കിലും ഇങ്ങനെയുള്ള പ്രവർത്തി ചെയ്താൽ ചിലയാളുകൾ അവനെ നിർമതക്കാരൻ എന്നുപറയാൻ സാധ്യതയുണ്ട്. അയാൾക്ക് അല്ലാഹുവിനെ ആരാധിക്കുന്നു എന്ന വിചാരമൊന്നുമില്ല. കുട്ടിയെക്കുറിച്ചുള്ള ചിന്തയാണെന്ന് പറയും. എന്നാൽ, അത്തരം വ്യക്തി ഈ സംഭവം വായിക്കുമ്പോഴെല്ലാം, അവന്റെ ധാരണ തെറ്റാണെന്ന് അംഗീകരിക്കേണ്ടതായിവരും. അവൻ നിശബ്ദനായിപ്പോകും. കാരണം നബി(സ) തിരുമേനിയുടെ ഉദാഹരണം മുമ്പിലുണ്ട്. പറയുന്നു: 'നിങ്ങൾക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഏതു സംഭവത്തെക്കുറിച്ചും അറിവുണ്ടെങ്കിൽ– അത് എത്ര ചെറുതാണെങ്കിലും എന്നല്ല അത് എത്ര നിസാരമാണെന്ന് തോന്നുന്നുവെങ്കിലും അത് പറയേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) 'നടന്ന് നടന്ന് പുല്ലിൽ ഇരുന്നു' എന്നതുപോലുള്ള ചെറിയ കാര്യമാണെങ്കിലും പറയേണ്ടതാണ്. കാരണം അക്കാര്യങ്ങളിൽനിന്ന് പിന്നീട് സുപ്രധാന ഫലങ്ങൾ എടുക്കപ്പെടുന്നതായിരിക്കും. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'എനിക്കോർമയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ ചില സുഹൃത്തുക്കളോടൊപ്പം തോട്ടത്തിൽപോയി. അവിടന്ന് പറഞ്ഞു വരൂ നമുക്ക് 'ബേദാന' തിന്നാം. (മൾബറി പോലുള്ള ഒരുതരം പഴം) അങ്ങനെ ചില സ്നേഹിതന്മാർ ചാദുർ വിരിച്ചു. അവിടന്ന് മരം പിടിച്ചുകുലുക്കി. പിന്നീട് എല്ലാവരും ഒരിടത്തിരിക്കുകയും ബേദാന തിന്നുകയും ചെയ്തു. വലിയ വലിയ അഹങ്കാരികളായ ഭരണാധികാരികൾ വരുമ്പോൾ അവർ മറ്റുള്ളവരോടൊപ്പമിരുന്ന് തിന്നുന്നത് അപമാനമായി കരുതും. അവരുടെ മുമ്പിൽ നമുക്കിത് അവതരിപ്പിക്കാൻ കഴിയും. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു മടിയും കൂടാതെ തന്റെ സ്നേഹിതന്മാരോടൊപ്പം ഇരുന്ന് തിന്നുകയും ജലപാനം ചെയ്യുകയും ചെയ്തിരുന്നു. അതിൽ മടി കാണിക്കാൻ നിങ്ങളാരാണ്? അതുകൊണ്ട്  ചില കാര്യങ്ങൾ ചെറുതായിരിക്കും. എന്നാൽ, അവ മുഖേന ഭാവിയിൽ മതപരമായ രാഷ്ട്രീയമായ സാംസ്കാരികമായ വലിയ സുപ്രധാന പ്രശ്നങ്ങൾ  പരിഹരിക്കപ്പെടുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രൂപം കാണാനും അല്ലെങ്കിൽ അവിടത്തെ സഹവാസത്തിലിരിക്കാനും അവസരം കിട്ടിയിട്ടുള്ളവർ, അതു ചെറുതാണെങ്കിലും വലുതാണെങ്കിലും എഴുതി സുരക്ഷിതമാക്കേണ്ടതാണ്. ഉദാഹരണത്തിന് ആർക്കെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വസ്ത്രത്തിന്റെ രീതി ഓർമയുണ്ടെങ്കിൽ അതും എഴുതി അയക്കുക. അവിടന്ന് അക്കാലത്ത് പറഞ്ഞു. അതിനുശേഷം സ്വഹാബാക്കൾ തങ്ങളുടെ നിവേദനങ്ങളും സമാഹരിക്കാൻ തുടങ്ങി. എഴുതിക്കാൻ തുടങ്ങി. സ്വഹാബാക്കളുടെ നിവേദനങ്ങളുടെ ഒരുപാട് സംഭവങ്ങൾ അടങ്ങിയ രജിസ്റ്റർ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. അവ ഒരിക്കൽ ഞാൻ വിവരിക്കുകയും ചെയ്തിട്ടുണ്ട്. എന്തായാലും ഈ നിവേദനങ്ങൾ സമാഹരിച്ചുവരുന്നുണ്ട്. ഇൻശാഅല്ലാഹ്. ഏതെങ്കിലും കാലത്ത് ജമാഅത്തിന്റെ മുമ്പിൽ അത് അവതരിപ്പിക്കപ്പെടുന്നതുമാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. ഈ നിവേദനങ്ങൾകൊണ്ട് ഇങ്ങനെ ഒരു ഫലവുമുണ്ടാകുന്നതാണ്. തല മറയ്ക്കേണ്ട ആവശ്യമില്ലെന്ന് ഏതെങ്കിലും കാലത്ത് ഒരുത്തൻ പറഞ്ഞാൽ അത്തരം ചിന്താഗതികളും ഈ നിവേദനങ്ങൾകൊണ്ട് അകറ്റപ്പെടുന്നതാണ്. നബി(സ) തിരുമേനിയുടെ ഹദീഥുകൾ ഉണ്ടെന്നതിൽ സംശയമൊന്നുമില്ല. ഇപ്പോൾ ഒരു ചെറിയ കാര്യമാണ് തലമറയ്ക്കാതിരിക്കുക എന്നത്. പൊതുവെയാളുകൾ തലമറയ്ക്കാതെ നമസ്കരിക്കാറുണ്ട്. ഈ നിവേദനങ്ങൾകൊണ്ട് തലമറയ്ക്കണമെന്നതിലേക്കും ശ്രദ്ധയുണ്ടാകുന്നു. കാരണം ഒരുപാട് സംഭവങ്ങളിൽ, മസ്ജിദിൽ പാലിക്കേണ്ട മര്യാദകൾ, നമസ്കാരത്തിൽ പാലിക്കേണ്ട മര്യാദകൾ, വലിയ മജ്‌ലിസുകളിൽ ഇരിക്കേണ്ട മര്യാദകളെല്ലാം വരുന്നുണ്ട്. അവിടന്ന് പറയുന്നു: 'നബി(സ) തിരുമേനിയുടെ ഹദീഥുകൾ ഉണ്ടെന്നതിൽ ഒരു സംശയവുമില്ല. അവിടന്നുതന്നെയാണ് ശരീഅത്ത് കൊണ്ടുവന്ന നബി. അതായത് ശരീഅത്ത് നടത്തുന്നത് അവിടന്ന് തന്നെയാണ്. എന്നാൽ, അടുത്തുവന്ന ദൈവനിയോഗിതൻ തന്റെ കാര്യങ്ങളും ശരീഅത്തുമായി വന്ന നബിയുടെ കാര്യങ്ങളെ സാക്ഷ്യപ്പെടുത്തുന്നതായി മനസ്സിലാക്കപ്പെടും എന്നതിലും സംശയമില്ല. ഏതൊരുകർമശാസ്ത്രത്തിന്റെ കാര്യങ്ങളിൽ ഇമാം അബൂഹനീഫ പ്രവർത്തിച്ചിരുന്നുവോ അതാണ് കൂടുതൽ ശരിയായിട്ടുള്ളതെന്ന് ഇക്കാലത്ത് പറയപ്പെടുന്നുണ്ട്. ഇപ്രകാരം വരുംകാലത്ത് നബി(സ) തിരുമേനിയുടെ ഏതൊരു ഹദീഥുകളെയാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ കർമംകൊണ്ട് സത്യമായി പുലർത്തിക്കാണിച്ചത്, അവയെ ജനങ്ങൾ സത്യമായ ഹദീഥുകളായി മനസ്സിലാക്കും. ഏതൊരു ഹദീഥുകളെയാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയംകൃതമെന്ന് പറഞ്ഞിട്ടുള്ളത് അല്ലെങ്കിൽ അടിസ്ഥാനമില്ലാത്തത്, അവരുടെ ആ ഹദീഥുകളെ ജനങ്ങൾ കള്ള ഹദീഥുകളായി മനസ്സിലാക്കുന്നതാണ്.  അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇക്കാര്യങ്ങളും, ഹദീഥുകളെപ്പോലെ തന്നെ പ്രധാനപ്പെട്ടതാണ്. കാരണം ഇക്കാര്യങ്ങൾ ഹദീഥുകൾ സത്യമാണോ വ്യാജമാണോ എന്നറിയുന്നതിനുള്ള ഒരു മാനദണ്ഡമായിരിക്കും.

ഇതുസംബന്ധമായി അവിടന്ന് പറയുന്നു: 'ഇമാം ബുഖാരിക്ക് ഇന്ന് ലോകത്ത് എത്ര വലിയ സ്ഥാനമാണുള്ളത്. അദ്ദേഹം മറ്റുള്ളവരിൽനിന്ന് നിവേദനങ്ങൾ സമാഹരിച്ചതാണ് അദ്ദേഹത്തിന്റെ ആദരവിന് കാരണം. സ്വഹാബാക്കളുടെ മക്കളാണെന്നുള്ളതാണ്. അവരുടെ പക്കൽ നിവേദനങ്ങളുണ്ടെങ്കിൽ അവയേയും കൈമാറേണ്ടതാണ്. ആ നിവേദനങ്ങളുടെ പ്രബലത മറ്റു നിവേദനങ്ങളിൽനിന്ന് സ്ഥാപിതമായാൽ അവയെ അതിൽ ഉൾപ്പെടുത്താനും കഴിയുന്നതാണ്. ചില നിവേദനങ്ങൾ സമ്പൂർണ രജിസ്റ്ററിൽ വരാതിരിക്കാനും ഇടയുണ്ട്. സ്വഹാബാക്കളുടെ കുടുംബങ്ങളിൽ ഈ നിവേദനങ്ങൾ നടന്നുവരുന്നുണ്ടെങ്കിൽ  അവർക്ക് അതെഴുതി അയക്കാൻ കഴിയുന്നതാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എല്ലാ കാര്യങ്ങളും വൈജ്ഞാനികമായ വശമുൾക്കൊള്ളുന്നതാണ്. അത് നമുക്ക് അത്യാവശ്യമാണ്. കർമപരമായ ശിക്ഷണത്തിനും അനിവാര്യമാണ്. കാരണം അതിൽ തർബിയ്യത്തിന്റെ ഒരുപാട് വശങ്ങൾ പുറത്തുവരുന്നുണ്ട്. വിശുദ്ധഖുർആനിന്റെ വചനങ്ങളുടെ വിശദീകരണമുണ്ടാകുന്നു.  ഹദീഥുകളുടെ വിശദീകരണങ്ങളുമുണ്ടാകുന്നു. അതിൽനിന്ന് നമുക്ക് വീണ്ടും  ഫലം ലഭിക്കുന്നു. അതുകേൾക്കുന്ന ഏതു അഹ്മദിയും, ആരെങ്കിലും മുഖേന കേട്ടാലും അവൻ ഫലമെടുക്കുന്നതാണ്. അപ്പോൾപിന്നെ തീർച്ചയായും അത് സമാഹരിക്കുന്നവർക്കുവേണ്ടി ദുആകളും ചെയ്യുന്നതാണ്. അതുകൊണ്ട് ഇതൊരു വലിയ സുപ്രധാനമായ കാര്യമാണ്. അതിൽ ചിലപ്പോൾ മനുഷ്യൻ പൂർണമായും ശ്രദ്ധിക്കാറില്ല. മറ്റൊരു സംഭവം ഞാനിപ്പോൾ വിവരിക്കുകയാണ്. അത് ഇന്നും ചില ചോദ്യങ്ങൾക്കുള്ള മറുപടിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് തുടക്കംമുതലേ ഇസ്‌ലാമിന്റെ

അഭിവൃദ്ധിയെ സംബന്ധിച്ച് ഒരു ആവേശമുണ്ടായിരുന്നു. മുസ്ലിംകൾ തങ്ങളുടെ കർമപരമായ അവസ്ഥ നന്നാക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. കർമപരമായ അവസ്ഥ നന്നാക്കുന്നതിനുവേണ്ടി ഏറ്റവും പ്രധാനപ്പെട്ട കാര്യം, അല്ലാഹുവിനെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുക എന്നതാണ്. നമസ്കരിക്കുക എന്നതാണ്. അതുകൊണ്ട് അദ്ദേഹം ഖാദിയാനിൽ വസിക്കുന്ന മുസ്ലിംകൾ മസ്ജിദിൽ വന്ന് നമസ്കരിക്കുന്നതിന് ഒരു ഏർപ്പാട് ചെയ്തു,. ആളുകളെ അയച്ച് അവരെ വിളിച്ച് മസ്ജിദിൽ കൊണ്ടുവരാനുള്ള ഏർപ്പാട് ചെയ്തു. അധികവും കർഷകരായിരുന്നു. ദരിദ്രരായിരുന്നു. അവർ പറഞ്ഞത് നമസ്കരിക്കുക എന്നത് സമ്പന്നരുടെ ജോലിയാണ്; തങ്ങളുടേതല്ലെന്നായിരുന്നു. ഞങ്ങൾ ദരിദ്രരാണ്. ഒന്നുകിൽ തൊഴിൽ ചെയ്യുക. അല്ലെങ്കിൽ 5 നേരംനമസ്കരിക്കുക! തൊഴിലെടുത്തില്ലെങ്കിൽ പട്ടിണികിടക്കേണ്ടിവരും. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)വേറെ ഏർപാട് ചെയ്തു. പറഞ്ഞു: 'ശരി! നിങ്ങൾ നമസ്കരിക്കാൻ വരിക. ഒരു നേരത്തെ ഭക്ഷണം നിങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നതാണ്.' അങ്ങനെ ഈ വിളംബരത്തിനുശേഷം കുറച്ചു ദിവസം തിന്നുന്നതിനുവേണ്ടി 25, 30 ആളുകൾ മസ്ജിദിൽ നമസ്കരിക്കാൻ വരാറുണ്ടായിരുന്നു. പിന്നീട് മടിയായി. ഭക്ഷണം വിതരണം ചെയ്യുന്ന മഗ്രിബിന്റെ നേരത്ത് മാത്രം വരാൻ തുടങ്ങി. അവസാനം അതു നിറുത്തേണ്ടിവന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'നോക്കുക! ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ തൽപര്യം എന്തിനുവേണ്ടിയായിരുന്നു? ഇസ്‌ലാമിന്റെ യഥാർഥ ചിത്രം കാണുന്നതിനുവേണ്ടിയായിരുന്നു ഇത്. അതുകൊണ്ടു ഇക്കാര്യം നമ്മൾ ഓർമവെക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായിരുന്ന ഈ ആവേശം എത്ര മാത്രമായിരുന്നുവെന്നാൽ അവിടന്ന് തന്റെ വാദത്തിനുമുമ്പേയും ശേഷവും ആളുകൾ നമസ്കാരത്തിന്നായി വരാനും ജമാഅത്തായി നമസ്കരിക്കാനും മസ്ജിദുകൾ ജനബാഹുല്യമുള്ളതാക്കിത്തീർക്കാനും നിരന്തരം പറഞ്ഞുകൊണ്ടേയിരുന്നു. നമ്മുടെ മസ്ജിദുകൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തെല്ലായിടത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, അതിനെ ജനബാഹുല്യമുള്ളതാക്കുന്നതിലേക്ക് വേണ്ടത്ര ശ്രദ്ധയുണ്ടാകുന്നില്ല. ചില സ്ഥലങ്ങളിൽനിന്ന് പരാതികൾ ലഭിക്കുന്നുണ്ട്. റബ്‌വയിലും ഖാദിയാനിലും പാക്കിസ്ഥാനിലെ വിവിധ മസ്ജിദുകളിലും അവിടെ താമസിക്കുന്ന അഹ്മദി, തങ്ങളുടെ മസ്ജിദുകളെ ജനബാഹുല്യമുള്ളതാക്കിവെക്കേണ്ടതാണ്. ലോകത്തിലെ മറ്റു രാജ്യങ്ങളിൽ തങ്ങളുടെ മസ്ജിദുകളെ ജനബാഹുല്യമുള്ളതാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്.

മറ്റൊന്ന് യുവാക്കളെ മസ്ജിദിൽ കൊണ്ടുവരുന്നതിനുവേണ്ടി അവിടെ അവർക്ക് കളിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നുവെന്ന് ചിലയാളുകൾ പറയാറുണ്ട്, എനിക്കെഴുതാറുമുണ്ട്. അതായത് ആൺകുട്ടികൾ വൈകുന്നേരം വരികയും കളിക്കുകയും ചെയ്യുന്നു. അങ്ങനെ കളിയുടെ അത്യാഗ്രഹം നല്കി നമസ്കരിപ്പിക്കുന്നു! ഈ ആക്ഷേപത്തിനും ഇവിടെ മറുപടി കിട്ടുന്നുണ്ട്. അത് ആക്ഷേപാർഹമായ കാര്യമൊന്നുമല്ല. ചില ഫംഗ്ഷനുകളിൽ ഭക്ഷണത്തിനുള്ള ഏർപാട് ചെയ്യുന്നുവെന്നും ആ ഫംഗ്ഷനുകളിൽ ആളുകൾ വരുന്നതും നമസ്കരിക്കുന്നതും തിന്നാൻവേണ്ടിയാണെന്നും ചിലർ പറയുന്നു. അവർ വെച്ചുപുലർത്തുന്ന തെറ്റായ ധാരണയാണിത്. എന്നാൽ, മസ്ജിദുകളോടു ചേർന്ന് എവിടെയെല്ലാം ഹാളുകളുണ്ടാക്കിയിട്ടുണ്ടോ അല്ലെങ്കിൽ കളിക്കുന്നവരും യുവാക്കളുമായ ചില മുറബ്ബിമാർ സ്വയം താൽപര്യമെടുത്ത് ഗ്രൗണ്ടിൽ കളിക്കാനും യുവാക്കളെ സംഘടിപ്പിക്കാനും തുടങ്ങിയിട്ടുണ്ടോ അവിടങ്ങളിൽനിന്ന് ഒരു ഫലം എന്തായാലും കിട്ടുന്നുണ്ട്. മസ്ജിദുകളെക്കുറിച്ച് ആ സമയം മുതൽ കുറഞ്ഞത് ഒന്നുരണ്ടു നമസ്കാരങ്ങൾക്കെങ്കിലും ആ യുവാക്കളിൽ ശ്രദ്ധയുണ്ടാകുന്നു. മസ്ജിദ് ആളുകളെക്കൊണ്ട് നിറയുന്നു. അതുകൊണ്ട് മസ്ജിദിനോട് ചേർന്നെന്തിനാണ് കളിസ്ഥലമൊരുക്കിയത്? അല്ലെങ്കിൽ അവരെ മസ്ജിദിൽകൊണ്ടുവരുന്നതിന് ഭക്ഷണത്തിനുള്ള ഏർപാടു ചെയ്തതെന്തിനാണ്? തുടങ്ങിയ ആക്ഷേപാർഹമായ ചോദ്യങ്ങൾ ശരിയല്ല. അത് തെറ്റാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കർമങ്ങളിൽനിന്ന് അങ്ങനെ ചെയ്യുന്നത് കുറ്റകരമല്ലെന്ന് സ്ഥാപിതമാകുന്നു.

ഖുത്‌ബയുടെ അവസാനം ഹുദൂർ രണ്ടു ജനാസ ഗായിബ് നമസ്കരിപ്പിക്കുന്നതാണെന്ന് വിളംബരം ചെയ്തു. ഘാനയിലെ അൽഹാജ് യഅ്ഖൂബ് അഹ്മദ് സാഹിബിന്റേതായിരുന്നു ഒരു ജനാസ. 2015 ആഗസ്റ്റ് 30 ന് അദ്ദേഹം വഫാത്തായി. 100 വയസ്സിനു മീതെയായിരുന്നു പ്രായം. അദ്ദേഹത്തിന്റെ സുദീർഘമായ സേവനങ്ങളും വിശേഷഗുണങ്ങളും ഹദൂർ സ്മരിക്കുകയുണ്ടായി. മക്കളെ കുറിച്ചും പ്രതിപാദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ രണ്ടു കുട്ടികളും വാഖ്ഫെ സിന്ദഗിയാണ്. ഒരാൾ കേന്ദ്രമിഷണറിയാണ്. മറ്റെയാൾ ലോക്കൽ മിഷണറിയാണ്.

രണ്ടാമത്ത ജനാസ ഗായിബ് മൗലാനാ ഫള്ൽ ഇലാഹി ബശീർ സാഹിബിന്റേതാണ്. 2015 ആഗസ്റ്റു 3 ന് 97-ാം വയസ്സിൽ റബ്‌വയിലാണ് അദ്ദേഹം വഫാത്തായത്. 1944-ൽ ജീവിതം വഖ്ഫ് ചെയ്തു. 1978-ൽ റിട്ടയേർഡായി. അദ്ദേഹത്തിന്റെ ദീർഘകാല സേവനം ഹുദൂർ സ്മരിച്ചു. പ്രത്യേകിച്ചും ഫലസ്തീനിലും മൊറേഷ്യസിലും ചെയ്ത സേവനങ്ങൾ. 1993 വരെ റീഎംപ്ലോയി ആയി പ്രവർത്തിച്ചു. വിവിധ രീതിയിൽ മരണംവരെ സേവനം ചെയ്യാൻ ഭാഗ്യം കിട്ടി.

അല്ലാഹു ഇരുവരുടേയും ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകൾ ജീവിപ്പിച്ചു നിറുത്താൻ തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 18.09.15
Malayalam Translation : Mau.Mohamad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala